**പാലക്കാട് തദ്ദേശ സ്വയംഭരണവകുപ്പ് ഇന്റേണൽ വിജിലൻസ് ഓഫീസറു ടെ നടപടിക്രമം**

(ഹാജർ: സതീഷ് കുമാർ കെ )

വിഷയം. തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല- നവകേരള സദസ്സ് സ്ഥിരം അദാലത്ത് തീരുമാനം സംബന്ധിച്ച്.

സൂചന. ശ്രീ.എ.ആർ വാസുദേവൻ,ബൈപ്പാസ് റോഡ്, കൊടുവായൂർ എന്നയാൾ നവകേരളസദസ്സ് മുഖേന നല്കിയ പരാതി.

**ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 30.01.2024**

മേൽ സൂചന പ്രകാരം ശ്രീ.എ.ആർ വാസുദേവൻ,ബൈപ്പാസ് റോഡ്, കൊടുവായൂർ എന്നയാൾ നവകേരളസദസ്സ് മുഖേന കൊടുവായൂർ ഗ്രാമപഞ്ചായത്തിൽ നിന്നും കടമുറിക്കും,വീടിനും 2016 ൽ ലഭിച്ച കെട്ടിടനമ്പർ റദ്ദ് ചെയ്തത് പുനസ്ഥാപിച്ചു തരണമെന്ന് പരാതിപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു.

കൊടുവായൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം അപേക്ഷകന് 2016 ൽ 5/1682,1683 കെട്ടിട നമ്പറുകൾ അനുവദിച്ചായി കാണുന്നു. പിന്നീട് അപാകതകൾ കണ്ടെത്തിയതിനാൽ ടി കെട്ടിട നമ്പറുകൾ റദ്ദാക്കുകയാണ് ചെയ്തത്. കെട്ടിടം റദ്ദാക്കാനുണ്ടായ കാരണം പരിശോധിച്ച്, നിലം വിഭാഗത്തിൽ ഉൾപ്പെട്ടതിനാലാണെങ്കിൽ, നിലവിൽ നിലം വിഭാഗത്തിലുള്ള സ്ഥലം( റി സർവ്വേ നമ്പർ 655/4 ൽ 0.00854 ഹെക്ടർ)ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കിയ ബഹു.പാലക്കാട് സബ് കളക്ടറുടെ ഫോറം 5 ലെ ഉത്തരവും,ഫോറം 6 ൽ സമർപ്പിച്ച സ്വഭാവ വ്യതിയാന അനുമതിക്കുള്ള അപേക്ഷ അനുവദിച്ചുകൊണ്ടുള്ള പാലക്കാട് ആർ.ഡി.ഒ യുടെ ഉത്തരവും ഹാജരാക്കിയതായി കാണുന്നു. ആയതിനാൽ 2016 ൽ ടി കെട്ടിടത്തിന് നിയമാനുസൃതം അനുവദിച്ച കെട്ടിട നമ്പറുകൾ പുനസ്ഥാപിച്ചു കൊടുക്കുന്നതിനും നികുതി ഈടാക്കിയ കാലയളവിനുശേഷം നാളിതുവരെയുള്ള നികുതി സപ്ലിമെന്ററി ഡിമാന്റായി ചുമത്തി നികുതി ഈടാക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അല്ലാത്ത പക്ഷം സർക്കാർ ഇത്തരത്തിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യുന്നതിന് പ്രത്യേകം ചട്ടം പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതു പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അത് ചട്ട പ്രകാരം പരിഗണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു

കെ സതീഷ്കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

തദ്ദേശ സ്വയംഭരണ വകുപ്പ്

പകർപ്പ് : . ശ്രീ.എ.ആർ വാസുദേവൻ,ബൈപ്പാസ് റോഡ്, കൊടുവായൂർ